## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4369** **21.03.2018-ൽ മറുപടിയ്ക്ക്**

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.ഉബൈദുള്ള<br>,, പി.ബി. അബ്ദുൽ റസ്സാക്ക് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) നിർദ്ദിഷ്ട കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ്മെട്രോ പദ്ധതിയിൽ നിന്ന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ പിൻവാങ്ങിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്ന് പിൻവാങ്ങുന്നതായി ഡി.എം.ആർ.സി. 16.02.2018-ൽ അറിയിച്ചിട്ടുണ്ട്. |
| (ബി) മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട മേൽപ്പാല നിർമ്മാണത്തിൽ നിന്ന് ഡി.എം.ആർ.സി.യെ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ, എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 18.12.2017 – ന് കൂടിയ കെ.ആർ.ടി.എൽ ബോർഡ് യോഗത്തിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏതെങ്കിലും ഏജൻസിയെ ടേൺകീ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം, ഇതിനായുള്ള ഏജൻസിയെ ദർഘാസിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചത്. |
| (സി) മെട്രോ പദ്ധതിയുടെ നിർമ്മാണ കാര്യത്തിൽ ഡി.എം.ആർ.സി.യുമായി കരാർ ഉണ്ടാക്കിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ കാര്യത്തിൽ നിലവിൽ ഡി.എം.ആർ.സി - യുമായി കരാറൊന്നും ഉണ്ടാക്കിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്ര സർക്കാരിന്റെ |

അനുമതി ലഭ്യമായ ശേഷം, നിർമ്മാണ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാം എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ ആരെ ഏൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ ഏൽപ്പിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ